## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3010** **18-03-2022 - ൽ മറുപടിയ്ക്ക്**

## പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ ജലജീവൻ മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷന്റെ അർബൻ പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ; | (എ) | നഗരപ്രദേശങ്ങളിൽ എല്ലാ വീടുകളിലും പ്രവർത്തനക്ഷമമായ ടാപ്പുകളിലൂടെ ജലവിതരണത്തിന്റെ സാർവത്രിക കവറേജ് നൽകുന്നതിന് രൂപകൽപ്പന ചെയ്തിട്ടുള്ള പദ്ധതിയാണ് ജലജീവൻ അർബൻ പദ്ധതി അഥവാ അമൃത് 2.0. ഈ പദ്ധതി കേരളത്തിലെ 93 നഗരങ്ങളിൽ (6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ) നടപ്പിലാക്കുന്നുണ്ട്. ഒരു ലക്ഷത്തിൽ കുറഞ്ഞ ജനസംഖ്യയുള്ള നഗരങ്ങളിലെ പദ്ധതികൾക്ക് കേന്ദ്രവിഹിതം 50 ശതമാനവും ഒരു ലക്ഷം മുതൽ പത്ത് ലക്ഷം വരെ ജനസംഖ്യയുള്ള നഗരങ്ങളിൽ കേന്ദ്രവിഹിതം 33 ശതമാനവും പത്തു ലക്ഷത്തിനു മുകളിൽ ജനസംഖ്യയുള്ള നഗരങ്ങളിൽ കേന്ദ്ര വിഹിതം 25 ശതമാനവും ആയിരിക്കും. ബാക്കി തുക സംസ്ഥാന സർക്കാരും, നഗരസഭകൾ / മുനിസിപ്പാലിറ്റികൾ വഹിക്കേണ്ടതാണ്. ജല അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കോർപറേഷൻ/ മുനിസിപ്പാലിറ്റി മുഖേനയാണ് അംഗീകാരം നല്കേണ്ടത്. നിലവിൽ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അതിനുള്ള നടപടിക്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | പട്ടാമ്പി മുനിസിപ്പാലിറ്റിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 45 കോടിയോളം രൂപ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. ഭരണാനുമതി നല്കുന്ന മുറക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ